LIBRARY ARCHIVES Kerala Legislative Assembly

കർഷക തൊഴിലാളി പെൻഷൻ

22 [1341] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകത്തൊഴിലാളി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

സർക്കാരിന്റെ സാമ്പത്തികനില മെച്ചമല്ലാത്തതിനാലാണ് കർഷകത്തൊഴിലാളി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തത്.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

23 [1342] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *എൻ. രാജൻ:*
,, *എം. കുമാരൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തൊഴിലാളിക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനും പഠിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിപ്പോൾ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഓരോന്നിലും അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര;

(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലും അംശാദായമായി എത്ര സംഖ്യ പിരിഞ്ഞുകിട്ടിയിട്ടുണ്ട്; സർക്കാർ വിഹിതം ഇവ ഓരോന്നിലും എത്ര വീതം;

(ഡി) അംശദായം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ സർക്കാർ വിഹിതം നൽകുന്നതിലും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിലും ക്ഷേമനിധി ബോർഡുകൾ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സമാനസ്വഭാവമുള്ള ക്ഷേമനിധികൾ തമ്മിൽ ഒന്നിപ്പിച്ച് പ്രവർത്തിപ്പിക്കുവാനും ചില ക്ഷേമനിധികൾ ഉപേക്ഷിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;